## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1979 17.12.2012 -ൽ മറുപടിയ്ക്ക്**

**പോലീസ് കംപ്ലൈയിന്റ് അതോറിറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ കെ. ശിവദാസൻ നായർ<br>ശ്രീ എം. എ. വാഹിദ്<br>ശ്രീ സി. പി. മുഹമ്മദ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ പരിശോധിക്കുകയും അന്വേഷിക്കുകയും ചെയ്യുക. |
| സി) പ്രസ്തുത അതോറിറ്റിയുടെ അധികാര പരിധിയും അന്വേഷണ വിഷയങ്ങളും എന്തൊക്കെയാണ് ; | (സി) പോലീസ് സൂപ്രണ്ടിന്റെയും അതിന് മുകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള എല്ലാത്തരം പരാതികളും, കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ അല്ലെങ്കിൽ ഏതെങ്കിലും ആളുകളെ മരണത്തിനു കാരണമാകൽ, ഗുരുതരമായി പീഡിപ്പിക്കൽ, ബലാത്സംഗം എന്നിവ സംബന്ധിച്ച് മറ്റു പദവികളിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള ഗുരുതര സ്വഭാവത്തിലുള്ള പരാതികളുമാണ് സംസ്ഥാന പോലീസ് കംപ്ലയിൻസ് അതോറിറ്റി പരിശോധിക്കുന്നത് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെയും പ്രസ്തുത പദവിവരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളാണ് ജില്ലാ പോലീസ് കംപ്ലയിൻസ് അതോറിറ്റി പരിശോധിക്കുന്നത്. |
| ഡി) പ്രസ്തുത അതോറിറ്റിക്ക് എന്തെല്ലാം അധികാരങ്ങളാണ് നൽകിയിട്ടുള്ളത് ? | (ഡി) പോലീസ് കംപ്ലയിൻസ് അതോറിറ്റികൾക്ക് പരാതി സംബന്ധിച്ച് അന്വേഷണം നടത്തുമ്പോൾ, 1908 - ലെ സിവിൽ നടപടി നിയമസംഹിത പ്രകാരം ഒരു വ്യവഹാരം വിചാരണ നടത്തുമ്പോൾ, ഒരാളെ സമൺ ചെയ്യുന്നതിനും, ഹാജരാകുവാൻ നിർബന്ധിക്കുന്നതിനും, വിസ്തരിക്കുന്നതിനും, ഏതൊരു രേഖയും കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടാനും സത്യവാങ്മൂലത്തിന്മേൽ തെളിവു സ്വീകരിക്കുന്നതിനും മറ്റും ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളുമുണ്ട്. |

സെക്ഷൻ ഓഫീസർ